കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയുടെ ആക്രമണ സാധ്യത കൂടുതലുള്ളതിനാൽ മുൻകരുതലായി 250 ഗ്രാം പൊടിച്ച മരോട്ടിപ്പിണ്ണാക്ക് അല്ലെങ്കിൽ വേപ്പിൻപിണ്ണാക്ക് 250 ഗ്രാം മണലുമായി കൂട്ടിക്കലർത്തി നാമ്പോലയ്ക്ക് ചുറ്റുമുള്ള 2-3 ഓലക്കവിളുകളിൽ നിറയ്ക്കണം. ഇതിനുപകരമായി വലിയ പാറ്റാഗുളിക 3 എണ്ണം മണൽചേർത്തും ഓലക്കവിളുകളിൽ നിറയ്ക്കാവുന്നതാണ്.

മഴക്കാലത്ത് രോഗവ്യാപനത്തിന് സാധ്യത ഏറെയുള്ളതിനാൽ രോഗബാധിതപ്രദേശങ്ങളിൽ മുൻകരുതലായി ഇടവപ്പാതിക്കുമുമ്പും (മെയ് മാസം) തുലാവർഷത്തിനുശേഷവും (ഒക്ടോബർ മാസം) മേൽപ്പറഞ്ഞ രാസ-ജൈവ മുറകളിലേതെങ്കിലുമൊന്ന് സ്വീകരിക്കുന്നത് രോഗം വരാതിരിയ്ക്കാൻ സഹായിക്കും.

**കൂടുതൽ വിവരങ്ങൾക്ക്**


ഹെഡ്
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം
പ്രാദേശിക കേന്ദ്രം
കായംകുളം - 690533
കേരളം
ഫോൺ - 0479 2442160
ഇമെയിൽ - headcpcri@yahoo.co.in

**തയ്യാറാക്കിയത്:** മെറിൻ ബാബു
എസ്. കലാവതി

**ചിത്രങ്ങൾ:** ഇ. ആർ. അശോകൻ

**സാങ്കേതിക സഹായം :** ജി. രാജീവ്



**പ്രസിദ്ധീകരണം :** വി. കൃഷ്ണകുമാർ
ഹെഡ്
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം
പ്രാദേശിക കേന്ദ്രം
കായംകുളം - 690533



ലഘുലേഖ നമ്പർ: 215


# ഓലചീയൽ




**കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം**
**(ഭാരതീയ കാർഷികഗവേഷണ കൗൺസിൽ)**
**പ്രാദേശിക കേന്ദ്രം, കൃഷ്ണപുരം** P.O
കായംകുളം 690 533

തെങ്ങിന്റെ ഉല്പാദനക്ഷമതയെ സാരമായി ബാധിക്കുന്ന കുമിൾ രോഗങ്ങളിലൊന്നാണ് ഓലചീയൽ. സാധാരണയായി കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിലാണ് ഈ രോഗം കൂടുതലായി കണ്ടുവരുന്നത്. കാറ്റുവീഴ്ച മൂലം വിളവ് കുറയുന്നുവെങ്കിലും ഓലചീയൽരോഗം കൂടിവരുമ്പോഴാണ് സാരമായ ഉല്പാദനനഷ്ടമുണ്ടാകുന്നത്. രോഗംമൂലം ഓലകളുടെ ഏറിയഭാഗവും നശിച്ചുപോകുന്നത് പ്രകാശസംശ്ലേഷണത്തെ പ്രതികൂലമായി ബാധിക്കുകയും ഉല്പാദനം കുറയുന്നതിന് കാരണമാകുകയും ചെയ്യും. അതിനാൽ ഓലചീയൽ നിയന്ത്രണം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. എല്ലാപ്രായത്തിലുള്ള തെങ്ങുകളെയും ഈ രോഗം ബാധിക്കും. വർഷകാലത്തിലെ ഉയർന്ന അന്തരീക്ഷ ആർദ്രത, കുറഞ്ഞ താപനില എന്നിവ രോഗവ്യാപനത്തിന് അനുകൂല ഘടകങ്ങളാണ്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഓലചീയൽ രോഗത്തിനെതിരെ വളരെ ഫലപ്രദമായ സമഗ്രപരിപാലനമുറകൾ ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. ഈ പരിപാലനമുറകൾ യഥാസമയം അവലംബിച്ചാൽ രോഗം നിയന്ത്രിച്ച് ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാം.

**ലക്ഷണങ്ങൾ**

ചുവപ്പുകലർന്ന തവിട്ടുനിറത്തിൽ ചെറിയ പുള്ളികൾ നാമ്പോലകളിൽ പ്രത്യക്ഷപ്പെടുന്നതാണ് പ്രാരംഭലക്ഷണം.




ക്രമേണ പുള്ളികൾ വ്യാപിച്ച് നാമ്പോല ചീഞ്ഞ് അഴുകാൻ തുടങ്ങും. രോഗംബാധിച്ച നാമ്പോലയിലെ ഓലക്കാലുകളുടെ തുമ്പുകൾ അഴുകി കൂടിച്ചേർന്ന് ഒട്ടിപ്പിടിച്ച് കാണപ്പെടും. ഓലക്കാലിന്റെ അടിഭാഗങ്ങളിൽ സാധാരണയായി ചീയൽ ലക്ഷണങ്ങൾ കാണാറില്ല.



ഓല വിടർന്നശേഷം അഴുകിയ ഭാഗങ്ങൾ ഉണങ്ങി കാറ്റിൽ പറന്നുപോകുകയും ഈർക്കിൽ മാത്രം അവശേഷിക്കുകയും ചെയ്യും.



**രോഗഹേതു**

ഫ്യൂസേറിയം സൊളാനി, കൊളിറ്റോട്രിക്കം ഗ്ലിയോസ്പോറിയോയ്ഡ്സ്, എക്സിറോഹൈലം റോസ്ട്രേറ്റം എന്നീ കുമിളുകളാണ് ഓലചീയൽ രോഗമുണ്ടാക്കുന്നത്.

**സമഗ്ര പരിപാലനമുറകൾ**

കാറ്റിലൂടെ വ്യാപിക്കുന്ന രോഗമായതിനാൽ കർഷകർ ഒറ്റയ്ക്ക് രോഗനിയന്ത്രണം നടത്തുന്നതിനേക്കാൾ ഒരു പ്രദേശത്ത് മുഴുവനായി ചെയ്യുന്നത് കൂടുതൽ ഫലംചെയ്യും. തന്നെയുമല്ല കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഇത് സഹായിക്കും.




രോഗംബാധിച്ച നാമ്പോലയുടെയും അതിനു ചുറ്റുമുള്ള 2-3 ഓലകളുടെയും അഴുകിയഭാഗങ്ങൾ മുറിച്ചുമാറ്റിയശേഷം തീയിട്ട് നശിപ്പിക്കുക. ഇതിലൂടെത്തന്നെ രോഗവ്യാപനം 50 ശതമാനത്തോളം കുറയ്ക്കുവാൻ കഴിയും.

രാസകുമിൾ നാശിനികളോ ജീവാണുമിശ്രിതങ്ങളോ ഉപയോഗിച്ചു ഈ രോഗത്തെ കുറഞ്ഞചെലവിൽ ഫലപ്രദമായി നിയന്ത്രിക്കാവുന്നതാണ്.

രാസകുമിൾനാശിനികളായ ഹെക്സാകൊണാസോൾ (കോണ്ടാഫ് 5 ഇസി) രണ്ടു മില്ലിലിറ്റർ അല്ലെങ്കിൽ മാങ്കോസെബ് (ഇൻഡോഫിൽ എം. 45) 3 ഗ്രാം 300 മില്ലിലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവടുഭാഗത്ത് ഒഴിച്ചുകൊടുക്കുക.

സ്യൂഡോമൊണാസ് ഫ്ളൂറസെൻസ്/ബാസില്ലസ് സബ്ടിലിസ് എന്നിവയടങ്ങിയ ജീവാണുമിശ്രിതങ്ങളും ഓലചീയൽ രോഗത്തിനെതിരെ ഫലപ്രദമാണ്. ഇത്തരം ജീവാണുക്കളുടെ പൊടിരൂപത്തിലുള്ള മിശ്രിതം 50 ഗ്രാം 500 മില്ലിലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവടുഭാഗത്ത് ഒഴിച്ചുകൊടുത്താൽ മതിയാകും.

ഓലചീയൽ രോഗമുള്ള തെങ്ങുകൾക്ക്